# കില
## വാർത്താപത്രിക

VOLUME-7
ISSUE-9
SEPTEMBER 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ ചേർന്ന ഉന്നതതല യോഗത്തിൽ യൂണിസെഫിലെ **ഡോ.സതീഷ്കുമാർ** സംസാരിക്കുന്നു

## കുട്ടികളുടെ അവകാശസംരക്ഷണം: കില സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു

**കു**ട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കാൻ കിലയും യുണിസെഫും തീരുമാനിച്ചു. കിലയിൽ ചേർന്ന ഉന്നതതല യോഗത്തിൽ യൂണിസെഫ് കേരളാ-തമിഴ്നാട് യൂണിറ്റുകളുടെ മേധാവി ഡോ.സതീഷ്കുമാറാണ് ഇക്കാര്യം അറിയിച്ചത്.കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവർക്കായിരിക്കും കോഴ്സിൽ പ്രവേശനം ലഭിക്കുക.

കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ദേശീയ-അന്തർദേശിയ നിയമങ്ങൾ, നയങ്ങൾ, കുട്ടികളുടെ അവകാശനിഷേധത്തിനെതിരെയുള്ള നിയമപരമായ നടപടികൾ, തദ്ദേശഭരണത്തിൽ കുട്ടികൾക്കായുള്ള പ്രത്യേക നയപരിപാടികൾ, ബഡ്ജറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള സാങ്കേതികജ്ഞാനം എന്നിവ പഠനവിഷയങ്ങളായിരിക്കും. കോൺടാക്റ്റ് ക്ലാസ്സ്, ഫീൽഡ് വിസിറ്റ്, ചെറിയ തോതിലുള്ള ഗവേഷണങ്ങൾ എന്നിവ കോഴ്സിന്റെ ഭാഗമായിരിക്കും. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരം കോഴ്സ് ആരംഭിക്കുന്നത്. കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിനായിരിക്കും കോഴ്സിന്റെ ചുമതല.2015 ജനുവരിയിൽ കോഴ്സ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കൂടുതൽ കാര്യങ്ങൾ വകുപ്പുമന്ത്രി ഡോ.മുനീറുമായി കൂടിയാലോചിച്ചതിനുശേഷം അറിയിക്കുമെന്നും കില ഡയറ്കടർ അറിയിച്ചു.

ചൈൽഡ് റിസോഴ്സ് സെന്ററിലെ ഡോ.പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ, യൂണിസെഫിലെ ഡോ.സുഗതാറോയ്, കൺസൽട്ടന്റ് കെ.എൽ. സുധാമണി എന്നിവർ സംസാരിച്ചു.സർവീസിൽനിന്നു വിരമിക്കുന്ന ഡോ.സതീഷ്കുമാറിനു കിലയുടെ ഉപഹാരം കില ഡയറക്ടർ ഡോ.പി.പി.ബാലൻ സമ്മാനിച്ചു.2012-ൽ കിലയിൽ ചൈൽഡ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനു മുൻകൈ എടുത്തത് ഡോ.സതീഷ് കുമാറായിരുന്നു. യൂണിസെഫിലെ ഡോ.അകില, വിദ്യാസാഗർ, അരുൺ ഗോപാൽ, കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, എം.ജി.കാളിദാസൻ എന്നിവർ സംബന്ധിച്ചു.



വയനാട് ജില്ലാ പരിപ്രേക്ഷ്യരേഖയുടെ പ്രകാശനച്ചടങ്ങ്

# വയനാട് ജില്ലാ പരിപ്രേക്ഷ്യരേഖ പ്രകാശനം ചെയ്തു

**കില**യുടെ സഹകരണത്തോടെ വയനാട് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ വയനാട് ജില്ലാ പരിപ്രേക്ഷ്യരേഖ ഐ.സി.ബാലകൃഷ്ണൻ എം.എൽ.എ പ്രകാശനം ചെയ്തു.ജില്ലയുടെ സമഗ്രവികസനത്തിനു ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുക്തപദ്ധതികൾ നടപ്പാക്കണമെന്ന് തദവസരത്തിൽ എം.എൽ.എ അഭിപ്രായപ്പെട്ടു. തദ്ദശഭരണസ്ഥാപനങ്ങൾ സ്വന്തമായി നടപ്പാക്കുന്ന പദ്ധതികൾ ജില്ലയുടെ മൊത്തം വികസനത്തിനു ഉതകുന്നില്ല.തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരണവേളയിൽ ഈ രേഖകൾ അടിസ്ഥാനമാക്കണമെന്നും അദ്ദേഹം പറഞ്ഞു.താഴെ തട്ടിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ദർശനരേഖയാണിതെന്നും കിലയുടെ ദീർഘവീഷണത്തിന്റെ ഫലമാണ് പ്രസ്തുത രേഖയെന്നും എം.എൽ.എകൂട്ടിച്ചേർത്തു. പട്ടികജാതി, പട്ടികവർഗ, ഭിന്നശേഷി, വയോജനങ്ങൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്കായി തയ്യാറാക്കിയ അഞ്ചു സമഗ്രപദ്ധതി രേഖകളാണ് പ്രകാശനം ചെയ്തത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ.റഷീദ് അദ്ധ്യക്ഷനായിരുന്നു.വയനാട് ജില്ലാ വികസനപദ്ധതിക്കായി ജില്ലാപഞ്ചായത്ത് മുന്നോട്ടു വെച്ച പദ്ധതിയാണ് ജില്ലാ വികസന പരിപ്രേക്ഷ്യരേഖ തയ്യാറാക്കുക എന്നത്. ബി.ആർ.ജി.എഫ് പദ്ധതിയിൽ കിലയുടെ കപ്പാസിറ്റി ബിൽഡിംഗ് ആന്റ് ട്രെയിനിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയത്. അഞ്ചുപിന്നാക്ക പ്രശ്നബാധിത ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ളതാണ് ഈ പരിപ്രേക്ഷ്യരേഖ. ജില്ലാകലക്ടർ വി.കേശവേന്ദ്രകുമാർ, ജില്ലാ പോലിസ് മേധാവി പുട്ട വിമലാദിത്യ, കൽപ്പറ്റ നഗരസഭാ ചെയർമാൻ പി.പി. ആലി എന്നിവർ വിവിധ പദ്ധതിരേഖകൾ പ്രകാശനം ചെയ്തു.ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.ഉഷാകുമാരി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ പി.കെ.അനിൽകുമാർ, എം.ജി.ബിജു, എ.എസ്.വിജയ, വത്സാചാക്കോ, ജില്ലാ കമ്മിറ്റി സ്ററാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ എം. മുഹമ്മദ് ബഷീർ, ഉഷ വിജയൻ, മേരി തോമസ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റു ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.പരിപ്രേക്ഷ്യരേഖയുടെ പ്രസക്തി, ആവശ്യകത എന്നിവയെക്കുറിച്ചാണ് പ്രോജക്ടിന്റെ ഡയറക്ടറും കില അസി.പ്രൊഫസറുമായ ഡോ.ജെ.ബി. രാജൻ സംസാരിച്ചത്. ഈ ഉദ്യമം മറ്റ് ജില്ലകൾക്കും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണ്. പരിപ്രേക്ഷ്യരേഖയുടെ അടിസ്ഥാനത്തിൽ അതത് വർക്കിംഗ്ഗ്രൂപ്പിനുള്ള പരിശീലനപരിപാടി കില ആസൂത്രണം ചെയ്തിട്ടുണ്ട്. ജില്ലയിലെ കേന്ദ്രങ്ങളിൽവെച്ചുതന്നെ അടുത്ത മാസത്തിൽ പരിശീലനം പൂർത്തിയാക്കി ഈ വിഭാഗങ്ങൾക്കുള്ള പദ്ധതി രൂപീകരിക്കാൻ ഗ്രാമപഞ്ചായത്തുകളെയും വർക്കിംഗ്ഗ്രൂപ്പുകളെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യവും കിലയ്ക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# പഞ്ചായത്ത് രാജ് നിയമം : റിട്ടേണിംഗ് ഓഫിസർമാരുടെ പരിശീലനം ഒക്ടോബറിൽ പൂർത്തിയാക്കും

**പ**ഞ്ചായത്ത് രാജ് നിയമത്തെക്കുറിച്ച് റിട്ടേണിംഗ് ഓഫീസർമാർക്കും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർക്കുമുള്ള സംസ്ഥാനവ്യാപകമായ പരിശീലനം സെപ്തംബറിൽ തുടങ്ങും. കിലയും സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷനും സംയുക്തമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

ത്രിതല പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ്, വോട്ടെണ്ണൽ, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളിലായിരിക്കും പരിശീലനം.41 ബാച്ചുകളിലായി 2485 പേർക്കായണ് പരിശീലനം നൽകുക.ഒക്ടോബർ അവസാനം വരെ പരിശീലനം നീണ്ടുനിൽക്കും. പരിശീലനത്തിന്റെ മുന്നൊരുക്കമായി കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാല കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. എല്ലാ ജില്ലകളിൽനിന്നുമുള്ള ഇലക്ഷൻ ഡെപ്യൂട്ടി കലകടർമാർ, തെരഞ്ഞെടുപ്പുകമ്മീഷന്റെ ക്ലാർക്കുമാർ,കിലയുടെ ജില്ലാ കോർഡിനേറ്റർമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷൻ ജോ.സെക്രട്ടറിമാരായ സി.രാധാകൃഷ്ണക്കുറുപ്പ്, ഈപ്പൻ ഫ്രാൻസിസ്, കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർഎം.രാജ്, അസി.പ്രൊഫ.ഇംതിയാസ്അലി എന്നിവർ സംസാരിച്ചു.




മലപ്പുറം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **പി. ഉബൈദുള്ള എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# മലപ്പുറത്ത് സമ്പൂർണ പാർപ്പിടപദ്ധതി നടപ്പിലാക്കും

എല്ലാവർക്കും വീട് എന്ന ലക്ഷ്യവുമായി മലപ്പുറം മണ്ഡലത്തിൽ സമ്പൂർണ പാർപ്പിടപദ്ധതി നടപ്പിലാക്കുമെന്ന് പി. ഉബൈദുള്ള എം.എൽ.എ. മലപ്പുറം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.എൽ.എ ഫണ്ടും എം.പി.ഫണ്ടും ത്രിതല പഞ്ചായത്തുകളുടെ വിഹിതവും ഇതിനായി വിനിയോഗിക്കും. ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ഏകോപനമുണ്ടായാൽ അത് ഏറെ ഗുണം ചെയ്യും. പരമാവധി പേർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. വിവിധ വകുപ്പുതലത്തിൽ ഉദ്യോഗസ്ഥ സഹകരണമുണ്ടായില്ലെങ്കിൽ ഒരു പദ്ധതിയും വിജയിക്കാൻ പോകുന്നില്ല. റോഡു വീതികൂട്ടിയിട്ടും വൈദ്യുതി പോസ്റ്റ് നീക്കം ചെയ്തില്ലെങ്കിൽ റോഡു വീതി കൂട്ടിയതിന്റെ ഗുണം ലഭിക്കില്ല. അതിനു വകുപ്പുതല-ഉദ്യോഗസ്ഥ സഹകരണം തന്നെ വേണം. രാഷ്ട്രീയപാർട്ടികളേയും സാമൂഹ്യ-സാംസ്കാരിക-യുവജനസംഘടനകളേയും വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. നിയോജകമണ്ഡലം ഒരു യൂണിററായി കരുതിയുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ. പി.പി. ബാലൻ പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം. സലിം എന്നിവർ സംസാരിച്ചു.

മലപ്പുറം നഗരസഭ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ, വൈസ് ചെയർ പേഴ്സൺ കെ.എം. ഗിരിജ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ടി. കോയാമു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ പി.എ. സലാം( പൂക്കോട്ടൂർ), കെ.വി.മുഹമ്മദാലി(ആനക്കയം), ഒ.പി.അലിബാപ്പു(പുൽപ്പറ്റ), സി.പി. ഷാജി (വൈസ് പ്രസി.കോഡൂർ പഞ്ചായത്ത്), പാത്തുമ്മക്കുട്ടി (മൊറയൂർ) വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ജില്ലാ പഞ്ചായത്ത് മെമ്പർമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഉദ്ഘാടനത്തിനുശേഷം ഗ്രൂപ്പുകളായി തിരിഞ്ഞു ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾക്ക് എം.എൽ.എ മറുപടി പറഞ്ഞു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും



ആലത്തൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **എം.ചന്ദ്രൻ എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# പൊതുവികസനത്തിനു ജനപ്രതിനിധികൾ മുൻഗണന നൽകണം: എം.ചന്ദ്രൻ എം.എൽ.എ

**പൊ**തുവികസനത്തിനുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ തയ്യാറാകണമെന്ന് എം. ചന്ദ്രൻ എം.എൽ.എ അഭ്യർത്ഥിച്ചു. ആലത്തൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫണ്ടു വിഭജിച്ച് വിവിധ വാർഡുകളിലേക്കു നൽകുന്ന പ്രവണത അവസാനിപ്പിക്കണം.

അസംബ്ലി മണ്ഡലത്തെ ഒരു യൂണിറ്റായി കണക്കാക്കി എവിടെയെല്ലാം ഏതൊക്കെ മേഖലകളിലാണ് വികസനം വേണ്ടതെന്ന് കണ്ടെത്തണം. കാർഷികമേഖലയിൽ ഉദ്പ്പാദനം വർദ്ധിപ്പിക്കാനും തരിശുഭൂമി കൃഷിയോഗ്യമാക്കാനും നമ്മുടെ കുട്ടികളുടെ ഭാവി രൂപപ്പെടുത്തുന്ന തരത്തിൽ വിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരാനും നാം യത്നിക്കണം. കുടിവെള്ളക്ഷാമം, ഗതാഗത മേഖലകളിലെ പോരായ്മകൾ എന്നിവ പരിഹരിക്കണം. സമ്പൂർണ ശുചിത്വമുള്ള മണ്ഡലമാക്കി ആലത്തൂരിനെ മാററിയെടുക്കാനും ശ്രമിക്കണം. ജനജീവിതവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ എങ്ങനെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാമെന്നും ആലോചിക്കണമെന്ന് എം.എൽ.എ നിർദ്ദേശിച്ചു.

കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ് ശിൽപ്പശാലയുടെ പ്രാധാന്യം വിവരിച്ചു. അസി.ഡയറക്ടർ കെ.എം. സലിം സംസാരിച്ചു. ഉദ്ഘാടനത്തിനുശേഷം ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം. എൽ.എ സംസാരിച്ചു.

ആലത്തൂർ, നെന്മാറ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തുകളിലേയും ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, കുഴൽമന്ദം, മേലാർകോട്, തേങ്കുറിശ്ശി, വണ്ടാഴി ഗ്രാമപഞ്ചായത്തുകളിലേയും അദ്ധ്യക്ഷന്മാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ജില്ലാ പഞ്ചായത്ത് മെമ്പർമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ സംബന്ധിച്ചത്.



ശിൽപ്പശാലയിൽ പങ്കെടുത്തവർ




ഒല്ലൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ
**എം.പി. വിൻസെന്റ് എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# ഒല്ലൂരിൽ സമ്പൂർണ പെൻഷൻപദ്ധതി

**അർഹ**മായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്ന സമ്പൂർണ പെൻഷൻ പദ്ധതിക്കു ഒല്ലൂർ മണ്ഡലത്തിൽ മുൻഗണന നൽകുമെന്ന് എം.പി. വിൻസെന്റ് എം.എൽ.എ അറിയിച്ചു.

ഒല്ലൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വീടില്ലാത്തവർക്കു വീടുവച്ചു നൽകുന്നതിനും നടപടിയുണ്ടാകും. മലയോരമേഖലയും നഗരപ്രദേശവുമുൾപ്പെട്ട മണ്ഡലം പൊതുവെ കാർഷികമേഖലയാണ്. പശ്ചാത്തല വികസനകാര്യത്തിലും കുടിവെള്ളം, ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ശുഷ്ക്കാന്തിയോടെ പ്രവർത്തിക്കേണ്ടതുണ്ടെന്നും എം.എൽ.എ വ്യക്തമാക്കി.

വിദേശരാഷ്ട്രങ്ങൾ പോലും കേരളത്തിലെ അധികാര വികേന്ദ്രീകരണം മാതൃകയാക്കാൻ മുന്നോട്ടുവന്നിരിക്കുകയാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ. പി.പി. ബാലൻ പറഞ്ഞു. കില ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ.വി.ദാസൻ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നന്ദൻ കുന്നത്ത് എന്നിവർ സംസാരിച്ചു. മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പൂത്തൂർ ഗ്രാമപഞ്ചായത്തുകളിലേയും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലേയും തൃശ്ശൂർ കോർപ്പറേഷനിലെ പതിമൂന്ന് ഡിവിഷനുകളിലേയും ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥരുമടക്കം 83 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.



ശിൽപ്പശാലയിൽ സംബന്ധിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരും



നെന്മാറ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ
**വി. ചെന്താമരാക്ഷൻ എം.എൽ.എ** ഉദ്ഘാടനം ചെയ്യുന്നു

# നെന്മാറയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കണം: ചെന്താമരാക്ഷൻ എം.എൽ.എ

**വി**ദ്യാഭ്യാസമേഖലയിൽ നെന്മാറ മണ്ഡലത്തിലെ പിന്നോക്കാവസ്ഥയ്ക്കു അടിയന്തിര പരിഹാരം കാണണമെന്ന് വി. ചെന്താമരാക്ഷൻ എം.എൽ.എ നിർദ്ദേശിച്ചു. നെന്മാറ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പത്താംക്ലാസിലെത്തുന്ന വിദ്യാർത്ഥികൾ ഭൂരിഭാഗവും പരാജയപ്പെടുന്നതിന്റെ കാരണം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കണം. പ്രൈമറിസ്കൂൾ തലത്തിലെ പഠനം മെച്ചപ്പെടുത്തുന്നതിനു ഗ്രാമപഞ്ചായത്തുകളുടെ ശക്തമായ ഇടപെടൽ വേണം. ആറു ഡാമുകളുണ്ടെങ്കിലും മണ്ഡലത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. അതു ശാശ്വതമായി പരിഹരിക്കണം. കാർഷികമേഖലയ്ക്കു പ്രാധാന്യമുള്ള മണ്ഡലത്തിൽ പച്ചക്കറി കൃഷിക്കു മുൻകൈ നേടാനായിട്ടുണ്ട്. പച്ചക്കറികളും മാമ്പഴവും പല സ്ഥലങ്ങളിലേക്കും ഇവിടെനിന്ന് കയററി അയക്കുന്നുണ്ട്. ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കു ഇനിയും പ്രോത്സാഹനം നൽകണം.നെല്ലിയാമ്പതി, പോത്തുണ്ടി, മീൻകര തുടങ്ങിയ പ്രദേശങ്ങൾ ടൂറിസം വികസനത്തിനു സാദ്ധ്യതയുള്ള സ്ഥലങ്ങളാണെന്നും എം.എൽ.എ പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം. രാജ് ആമുഖപ്രഭാഷണം നടത്തി അസി.ഡയറക്ടർ കെ.എം. സലിം സംസാരിച്ചു. കൊല്ലംകോട്, നെന്മാറ, ബ്ലോക്ക് പഞ്ചായത്തുകളിലേയും നെല്ലിയാമ്പതി, നെന്മാറ, അലിയൂർ, എളവൻചേരി, പല്ലശ്ശന, കൊല്ലംകോട്, കൊടുവായൂർ, പുതുനഗരം, വടവന്നൂർ, മുതലമട ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, മണ്ഡത്തിന്റെ പരിധിയിൽ വരുന്ന ജില്ലാപഞ്ചായത്ത് മെമ്പർമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ സംബന്ധിച്ചത്.



ശിൽപ്പശാലയിൽ പങ്കെടുത്ത മണ്ഡലത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

## ചോദിക്കൂ പറയാം

? ഏതൊക്കെ പ്രോജക്ടുകൾക്കാണ് ത്രിതല പഞ്ചായത്തുകൾ ഒരുമിച്ച് (സംയുക്ത പ്രോജക്ടുകൾ) ഫണ്ട് കണ്ടെത്തി നടപ്പാക്കുന്നത്?

● പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കായി സർക്കാർ ഇറക്കിയ ഉത്തരവനുസരിച്ച് (ജി.ഒ. (എം.സ്) നമ്പർ 362/ 2013/ ത സ്വ ഭ വ. തീയതി 16.11.2013) ഏകദേശം 24 ഇനങ്ങൾക്ക് ത്രിതലപഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കാവുന്നതാണ്. എന്നാൽ മിക്കവയുടേയും നിർവഹണം ഗ്രാമപഞ്ചായത്തുകളാണ് നടപ്പാക്കേണ്ടത്. സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (സാധാരണ) 542/2010/ത സ്വ ഭ വ. തീയതി.19.2.2010ല ൽ നൽകിയിട്ടുണ്ട്.

? സ്വയം തൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുവാൻ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് 50 ശതമാനം സബ്സിഡി നൽകണമെന്നുണ്ട്. എന്നാൽ വായ്പാബന്ധിതമായിരിക്കണമെന്നുണ്ട്. ഏതൊക്കെ സ്ഥാപനങ്ങളിൽനിന്ന് വായ്പ സ്വീകരിക്കാം?

● പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ സൃഷ്ടിക്കുവാൻ 50 ശതമാനം നിരക്കിൽ 20,000/- രൂപയിൽ കവിയാത്ത സബ്സിഡി നൽകാമെന്നുണ്ട്. (ജി.ഒ.( എം.സ്) നമ്പർ 362/2013/ ത സ്വ ഭ വ. തീയതി.16.11.2013) ഈ പ്രോജക്ടുകൾ നടപ്പാക്കുവാൻ വാണിജ്യബാങ്ക്, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ സഹകരണബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളിൽനിന്നെവിടെനിന്നെങ്കിലും വായ്പ ലഭ്യമാക്കാവുന്നതാണ്.

? ചില പ്രത്യേകമായ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് വാർഡടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്ററ് തയ്യാറാക്കി ഓരോ വാർഡിലേയും ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആനുപാതിക നിരക്കിൽ നൽകണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് എങ്ങനെ നടപ്പാക്കും?

● ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, സാനിറ്ററി യൂണിറ്റ്, വീട് വയറിംഗ് തുടങ്ങിയ വ്യക്തഗത ആനുകൂല്യങ്ങൾ നൽകുന്നതിനാണ് വാർഡടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കണമെന്ന് പറഞ്ഞിട്ടുള്ളത്. ഉദാഹരണമായി ഒരു പഞ്ചായത്തിൽ അമ്പതുപേർക്ക് സാനിറ്ററി യൂണിററ് നൽകാൻ പ്രോജക്ട് വച്ചിട്ടുണ്ട്. ഓരോ വാർഡിലേയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പ്രത്യേകം പ്രത്യേകം ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ എല്ലാ വാർഡുകളിലും കൂടി 200 ഗുണഭോക്താക്കളാണുള്ളത്. അപ്പോൾ നാലു ഗുണഭോക്താക്കളിൽ ഒരാൾക്കു വീതമേ ആനുകൂല്യം നൽകാൻ പററൂ. പന്ത്രണ്ടു ഗുണഭോക്താക്കളുള്ള വാർഡിൽ ആദ്യത്തെ മൂന്നു പേർക്ക് നൽകാം. 28 ഗുണഭോക്താക്കളുള്ള വാർഡിൽ ആദ്യത്തെ ഏഴുപേർക്കു നൽകാം. 20 ഗുണഭോക്താക്കളുള്ള വാർഡിൽ ആദ്യത്തെ അഞ്ചുപേർക്കു നൽകാം. ഈ രീതിയിലാണ് ആനുപാതിക നിരക്കിൽ ഓരോ വാർഡിലേയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടത്. മറ്റുള്ളവർക്കു തുടർവർഷങ്ങളിൽ നൽകേണ്ടതാണ്.

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളും സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലവിൽ വന്ന 1995 മുതൽ തദ്ദേശഭരണവകുപ്പും ധനകാര്യവകുപ്പും പ്രത്യേകം പ്രത്യേകം ഉത്തരവുകൾ ഇറക്കിയിട്ടുള്ളതാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവുകൾ ഇവയാണ്.1. ജി.ഒ.(പി)189/95/തസ്വഭവ.തീയതി 18.9.1995. 2. ജി.ഒ.(പി)69/98/തസ്വഭവ. തീയതി.23.3.1998. 3. ജി.ഒ.(പി)1459/97/ഫിൻ.തീയതി.29.12.1997.4.ജി.ഒ.(പി)382/23/ ഫിൻ.തീയതി 9.7.2003. ഇവയൊന്നും കാലഹരണപ്പെടാത്തതും പ്രാബല്യത്തിലുള്ളവയുമാണ്.




നഗരഭരണത്തെക്കുറിച്ച് നഗരസഭാജീവനക്കാർക്കുള്ള മൂന്നുദിവസത്തെ പരിശീലനം കിലയിൽ **ഡോ.സണ്ണി ജോർജ്** ഉദ്ഘാടനം ചെയ്യുന്നു

## നഗരസഭാജീവനക്കാർക്ക് പരിശീലനം

നഗരഭരണത്തെക്കുറിച്ച് നഗരസഭാജീവനക്കാർക്കുള്ള മൂന്നുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. റവന്യൂ ഓഫീസർമാർ, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക് എന്നിവരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. കില അസോസിയേറ്റ് പ്രൊഫ.ഡോ. സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു.കോർഡിനേറ്റർ കെ. വി.ഗോവിന്ദൻ സംസാരിച്ചു. അധികാരവികേന്ദ്രീകരണവും നഗരഭരണവും,വിഭവസമാഹരണം, പ്രാദേശികാസൂത്രണനിർവഹണം, ധനമാനേജ്മെന്റ്,നഗരാസൂത്രണം, പൊതുമരാമത്തു പ്രവൃത്തികൾ, നഗരഭരണവും നിയമനടപടികളും തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് പരിശീലനം. പെരിന്തൽമണ്ണ, കോതമംഗലം, കൂത്തുപറമ്പ്, കാഞ്ഞങ്ങാട്, ആറ്റിങ്ങൽ, ആലപ്പുഴ, ചങ്ങനാശ്ശേരി, ചിറ്റൂർ-തത്തമംഗലം, അടൂർ നഗരസഭകളിൽനിന്നുള്ളവരാണ് പങ്കെടുത്തത്. എം. ദേവരാജൻ, ബിനു ഫ്രാൻസിസ്, ഷെരിഫ്, സെയ്ഫുദ്ദീൻ, പ്രൊഫ. ലക്ഷ്മണൻനായർ, നിസ്സാമുദ്ദീൻ, ഹരികുമാർ, ബാലഗംഗാധരൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കാൻ കിലയിലെത്തിയ
ലൈബീരിയൻ സംഘത്തിനു നൽകിയ യാത്രയയപ്പ്

# തദ്ദേശഭരണത്തിലെ ജനപങ്കാളിത്തം ആകർഷകമെന്ന് ലൈബീരിയൻ സംഘം

**കേരള**ത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപങ്കാളിത്തം തങ്ങളെ ഏറെ ആകർഷിച്ചുവെന്ന് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കാൻ കിലയിലെത്തിയ ലൈബീരിയൻ സംഘാംഗങ്ങൾ പറഞ്ഞു. അഞ്ചാഴ്ചക്കാലത്തെ പഠനസന്ദർശനത്തിനുശേഷം തിരിച്ചുപോകുന്ന സംഘാംഗങ്ങൾക്ക് നൽകിയ യാത്രയയ്പ്പുയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. മികച്ച പഞ്ചായത്ത് സംവിധാനം നില നിൽക്കുന്നത് കേരളത്തിലാണ്. തദ്ദേശഭരണസംവിധാനത്തിൽ രാഷ്ട്രീയ ഇടപെടൽ വേണ്ടെന്ന അഭിപ്രായമാണ് തങ്ങൾക്കുണ്ടായിരുന്നതെങ്കിലും കേരളിത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ രാഷ്ട്രീയമാകാമെന്ന നിലപാടിൽ തങ്ങൾ എത്തിച്ചേർന്നിരിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനരംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. കില അസോസിയേറ്റ് പ്രൊഫ. ഡോ.സണ്ണി ജോർജ്, പ്രൊഫ. ടി.രാഘവൻ എന്നിവർ സംസാരിച്ചു. കിലയിൽ കോഴ്സ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും കിലയുടെ ഉപഹാരങ്ങളും ഡയറക്ടർ സമ്മാനിച്ചു.

ലൈബീരിയൻ സർക്കാർ നിയമിച്ച ഗവർമ്മെൻസ് കമ്മീഷനിലെ അംഗങ്ങളായ അലക്സാണ്ടർ മുല്ല, സിസിലിയ എൻഫ്ളോമോ, ഡയാന മൂർത്ത് എന്നിവരടങ്ങുന്നതാണ് സംഘം. ലൈബീരിയയിൽ കേരള മാതൃകയിൽ പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കൂടിയാലോചനകൾക്കും പഠനത്തിനുമാണ് സംഘമെത്തിയത്. പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ ഉൾപ്പെടെയുള്ള വിദഗ്ദ്ധരുമായി സംഘാംഗങ്ങൾ ചർച്ച നടത്തി. വിവിധ തദ്ദേശഭരണസ്ഥാപനങ്ങളും കുടുംബശ്രിയുടെ പ്രവർത്തനങ്ങളും നേരിൽ കണ്ട് വിലയിരുത്തി.



സർവീസിൽനിന്നു വിരമിക്കുന്ന യൂണിസെഫ് കേരളാ-തമിഴ്നാട് യൂണിറ്റുകളുടെ മേധാവി
**ഡോ.സതീഷ്കുമാറിന്** കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉപഹാരം സമ്മാനിക്കുന്നു.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)